## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3650 14.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

### ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| ആർദ്രം പദ്ധതി അരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കുമോ ? | സംസ്ഥാനത്തെ ആരോഗ്യ രംഗം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനായി സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി ആർദ്രം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആരോഗ്യ വകുപ്പിനു കീഴിലെ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ താലൂക്ക്/ജില്ലാതല ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. സർക്കാർ ആശുപത്രികളെ ഒ.പി.ട്രാൻസ്ഫർമേഷനിലൂടെ രോഗീ സൗഹൃദമാക്കുന്നതിനും താലൂക്ക്/ജില്ലാതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർസ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കുന്നതിനും, രോഗികൾക്ക് പ്രോട്ടോകോൾ/മാനദണ്ഡ പ്രകാരമുള്ള ഗുണമേന്മയുള്ള ചികിത്സയും സേവനങ്ങളും ലഭ്യമാക്കുക എന്നതും ആരോഗ്യ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉയർന്ന പങ്കാളിത്തം ഉറപ്പ് വരുത്തുകയെന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, പാരിപ്പള്ളി എന്നീ മെഡിക്കൽ കോളേജുകളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ